LIBRARY ARCHIVES Kerala Legislative Assembly

## ലൈഫ് ഭവനപദ്ധതി

391 (5116) ശ്രീ. എ. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവനപദ്ധതി പ്രകാരം മലമ്പുഴ നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ?

ലൈഫ് ഭവനപദ്ധതി പ്രകാരം മലമ്പുഴ നിയോജകമണ്ഡലത്തിൽ 2531 കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു*.

(ബി) ഇതിൽ എത്ര വീടുകൾ പൂർത്തിയായെന്നും എത്രയെണ്ണം ഇനിയും പൂർത്തിയാക്കാനുണ്ടെന്നും അറിയിക്കാമോ?

ലൈഫ് ഭവനപദ്ധതി പ്രകാരം മലമ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച 2531 വീടുകളിൽ 2226 വീടുകൾ പൂർത്തീകരിക്കയും ബാക്കിയുള്ള 305 വീടുകൾ നിർമ്മാണ പുരോഗതിയിലുമാണ്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.*

## ലൈഫ് മിഷൻ പദ്ധതി

392 (5117) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ചുനൽകിയെന്നും എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിച്ചതും നിർമ്മിച്ച് നൽകിയതുമായ 993 വീടുകളാണുള്ളത്.*

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മാണ പുരോഗതിയിലുണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം 235 വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്.

(സി) ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം എത്ര വീടുകൾ കൂടി നിർമ്മിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം 1025 വീടുകൾ കൂടി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.